**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 566** **02-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്നും അതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്നും എത്രയെണ്ണം പൂർത്തിയായെന്നും വിശദമാക്കാമോ; | (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള 12 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ഇതിൽ 5 എണ്ണം ആരംഭിച്ചിട്ടുള്ളതും, 3 എണ്ണം പൂർത്തിയായിട്ടുള്ളതുമാണ്. |
| (ബി) | മഞ്ചേരി - ഒലിപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | 20.08.2016-ലെ GO (Rt) No. 1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി മഞ്ചേരി - ഒലിപ്പുഴ റോഡ് BM&BC നിലവാരത്തിൽ നവീകരിക്കുന്ന പ്രവൃത്തിയ്ക്ക് 14.03.2018-ലെ APR-1/255//2016/KIIFB നടപടിക്രമ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെ 85.61 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നത് 17.06.2019-ലെ ചീഫ് എൻജിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റി പരിഗണിച്ചെവെങ്കിലും സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്താൻ നിർദ്ദേശിക്കുകയാണുണ്ടായത് എന്നും, പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 19.01.2021-ലെ GO (Rt) No. 184/2021/RD പ്രകാരം റവന്യൂ വകുപ്പ് ഭരണാനുമതി നൽകുകയും, 09.06.2022-ന് ഇതിനായി 6(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും, പദ്ധതിക്കാവശ്യമായ 13.60 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അലൈൻമെന്റ് കല്ല് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്നും, സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ചുമതല നിർവ്വഹണ ഏജൻസിയായ KRFB-ക്കാണ്. |

| | | | |
|---|---|---|---|
| (സി) | പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ചുമതല നിർവ്വഹണ ഏജൻസിയായ KRFB-ക്കാണ്. |

സെക്ഷൻ ഓഫീസർ